(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ ഒഴിവുകൾ

190 [1770] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ താലൂക്കാസ്ഥാനത്തുള്ള സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ ഒഴിവു നികത്താത്തതുകാരണം കുടിക്കട സർട്ടിഫിക്കറ്റടക്കമുള്ള പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ ഒരു ഹെഡ് ക്ലാർക്കിന്റെ ഒഴിവുണ്ട്. സീനിയോരിറ്റി സംബന്ധമായി ബഹു: സുപ്രീം കോടതിയിലും, ബഹു: കേരള ഹൈക്കോടതിയിലും കേസുകൾ നിലവിലുള്ളതിനാലാണ് പ്രസ്തുത ഒഴിവ് നികത്താനാകാത്തത്. കോടതി തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

ഹരിയാലി പദ്ധതി

191 [1771] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഹരിയാലി പദ്ധതി നടപ്പാക്കുവാൻ സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ബ്ലോക്ക് തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് പ്രോജക്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി)

ജില്ല	ബ്ലോക്ക്	അടങ്കൽ തുക (ലക്ഷത്തിൽ)	വികസനത്തിനായി തെരഞ്ഞെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ)
ഇടുക്കി	ദേവികുളം	300.00	5,000
പാലക്കാട്	ഒറ്റപ്പാലം, ചിറ്റൂർ	300.00	5,000
മലപ്പുറം	ഏറനാട് താലൂക്കിലെ അരീക്കോട്, കൊണ്ടോട്ടി, മലപ്പുറം, വണ്ടൂർ ബ്ലോക്കുകൾ	300.00	5,000

മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, തടയണകളുടെ നിർമ്മാണം, നീർച്ചാലുകളുടെ സംരക്ഷണം, നീരുറവകളുടെ സംരക്ഷണം, കാർഷികാവശ്യങ്ങൾക്കുള്ള ജലസേചന സൗകര്യങ്ങൾ നിർമ്മിക്കുക, മൃഗസംരക്ഷണം, ഓട നിർമ്മാണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ അറ്റകുറ്റപണികളും നിർമ്മാണവും, തോടുകളുടെ സംരക്ഷണം, പച്ചക്കറി കൃഷി തുടങ്ങിയ പ്രവർത്തനങ്ങളാണ് ഹരിയാലി പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി ആന്റ് ഡി) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി 386 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് 6,430 ഹെക്ടർ ഭൂമിയുടെ വികസനത്തിനായി തയ്യാറാക്കിയ പദ്ധതി അംഗീകാരത്തിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ തയ്യാറാക്കി വരുന്നു.

(ഇ) ഹരിയാലി പുതിയ ഒരു പദ്ധതിയായതിനാൽ സർക്കാരിന്റെ വിവിധ തലങ്ങളിൽ ഇത് സംബന്ധിച്ച് പരിശോധന ആവശ്യമായി വന്നു. ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ പരിഹരിക്കുന്നതിനായി പ്രോജക്ടുകൾ ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് തിരിച്ച് നൽകിയിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ കിട്ടുന്ന പ്രോജക്ടുകൾ ന്യൂനതകൾ പരിഹരിച്ച് കേന്ദ്ര ഗവൺമെന്റിന് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly